(സി) ഏതെല്ലാം പദ്ധതികൾ ഇനി ആരംഭിക്കാനുണ്ട് :

(ഡി) ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചത് ;

(ഇ) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് നേരിട്ട കാലതാമസത്തിനുള്ള കാരണമെന്താണ് ;

(എഫ്) ഈ കാലതാമസം ഒഴിവാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ജി) ഈ പദ്ധതികൾക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എച്ച്) എത്ര തുക റീ-ഇംബേഴ്സ് ചെയ്തുതരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ അനുവദിച്ച കുട്ടനാട് പാക്കേജിന്റെ ഭാഗമായി നെടുമുടിയിൽ പണികഴിപ്പിച്ച വാട്ടർ സൈഡ് അമിനിറ്റി സെന്ററിൽ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) പദ്ധതികൾ ആരംഭിച്ചിട്ടില്ല.

(ഡി) പൂർത്തിയായിട്ടില്ല.

(ഇ) നെടുമുടിയിൽ പണികഴിപ്പിച്ച വാട്ടർ സൈഡ് അമിനിറ്റി സെന്ററിൽ അത്യാവശ്യ സൗകര്യങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തിയാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പണി നടത്തുന്നതിന് ചില അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ബിൽഡിംഗിൽ ഉള്ളതുകൊണ്ടാണ് കാലതാമസം നേരിട്ടത്.

(എഫ്) വിഷയം ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) 14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(എച്ച്) റീ-ഇംബേഴ്സ്മെന്റ് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**വിനോദസഞ്ചാര രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര ഏജൻസികൾക്ക് ധനസഹായം**

**77 (373) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര ഏജൻസികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ധനസഹായം അനുവദിച്ച ഏജൻസി, പദ്ധതി, തുക എന്നിവയുടെ വർഷം തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) ധനസഹായവുമായി ബന്ധപ്പെട്ട് പുതിയ അപേക്ഷകൾ പരിഗണനയിലുണ്ടോ ; എങ്കിൽ ഏജൻസി, പദ്ധതി, തുക എന്നിവയുടെ വിശദാംശം നൽകുമോ ;

(ഡി) സർക്കാരിതര ഏജൻസികൾക്ക് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പരിഗണനയിൽ ഇല്ല.

(ഡി) ധനസഹായം നൽകുന്നതിലേക്കായി ടൂറിസം വകുപ്പിൽ നിന്നും മാനദണ്ഡം രൂപപ്പെടുത്തിയിട്ടില്ല.

തനതു കേരള ഗ്രാമം

**118 (1874)** ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം നിയോജക മണ്ഡലത്തിൽ വെള്ളാറിനു സമീപമുള്ള തനതു കേരള ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് തുക ഇപ്പോൾ എത്രയെന്നും നിർമ്മാണം ഏറ്റെടുത്തത് ഏത് കമ്പനിയാണെന്നും അറിയിക്കുമോ :

(ബി) ടെണ്ടർ പ്രകാരം പണി പൂർത്തീകരിക്കേണ്ട കാലാവധി എന്നാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോവളം നിയോജകമണ്ഡലത്തിൽ വെള്ളാറിനു സമീപമുള്ള തനതു കേരള ഗ്രാമത്തിന്റെ പണികൾക്കായി ഇപ്പോൾ റീ-ടെണ്ടർ ചെയ്തിട്ടുള്ളതും ഇപ്പോഴത്തെ ടെണ്ടർ തുകയായ രണ്ടു കോടി ആറു ലക്ഷം രൂപയ്ക്ക് ശ്രീ. അശോക് കുമാർ എക്സിക്യൂട്ടിംഗ് ഏജൻസിയായ മെസേഴ്സ് കിറ്റ്കോയിൽ നിന്നും റീ-ടെണ്ടർ ഏറ്റെടുത്തിട്ടുള്ളതുമാകുന്നു.

(ബി) റീ-ടെണ്ടർ പ്രകാരം കാലാവധി മൂന്നു മാസമാണ് 2011 ഫെബ്രുവരിയോടുകൂടി പണി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly